മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായി ഞാൻ ഉൾക്കൊള്ളുകയാണ്. ഗവൺമെന്റ് കർശനമായിട്ടുള്ള നടപടി സ്വീകരിക്കും. വനപാലകരുടെ സംരക്ഷണത്തിന് പൂർണ്ണമായി ഗവൺമെന്റിന്റെ പിന്തുണയുണ്ടാകും. അവർക്ക് വേണ്ട സംരക്ഷണം കൊടുക്കും. അവർക്ക് പുതിയ തരത്തിലുള്ള ആയുധം കൊടുക്കാനും ഉപയോഗിക്കാനുമുള്ള അവകാശം കൊടുക്കുമെന്നു പറഞ്ഞുകഴിഞ്ഞു. മന്ത്രി ഒരാഴ്ചക്കുള്ളിൽ സ്ഥലം സന്ദർശിച്ച് തിരിച്ചുവന്നതിനുശേഷം അങ്ങുമായിട്ടുകൂടി സംസാരിച്ച ശേഷം ആവശ്യമായിട്ടുള്ള നടപടികൾ എടുക്കാമെന്നാണ് പറഞ്ഞിരുന്നത്. അങ്ങുമായിട്ടുകൂടി ആലോചിക്കും. ഏതായാലും നമ്മുടെ, അമൂല്യ സമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും.

പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഇതിനെല്ലാം കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരെ ഉടൻതന്നെ സ്ഥലംമാറ്റണം.

IV. ശ്രദ്ധക്ഷണിക്കൽ

(1) തിരുവനന്തപുരം നഗരത്തെ മെട്രോ നഗരമാക്കി ഉയർത്തൽ

ശ്രീ. പിരപ്പൻകോട് മുരളി : സർ, തലസ്ഥാന നഗരികൂടിയായ തിരുവനന്തപുരത്തെ ഒരു മെട്രോ നഗരമാക്കി ഉയർത്താൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കാനാണ് ഈ ശ്രദ്ധക്ഷണിക്കൽ. ഒരു നഗരത്തെ മെട്രോ നഗരമായി ഉയർത്തണമെങ്കിൽ 10 ലക്ഷത്തിൽ കുറയാത്ത ജനസംഖ്യ വേണം. അതിനുള്ള ആദ്യപടിയെന്നുള്ള നിലയ്ക്കാണ് കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് കടകംപള്ളി, ആറ്റിപ്ര, ഉള്ളൂർ, മനമം, തിരുവല്ലം തുടങ്ങിയ തൊട്ടടുത്തുള്ള പഞ്ചായത്തുകൾകൂടി തിരുവനന്തപുരം സിറ്റിയോട് ചേർത്തത്. ഈ പഞ്ചായത്തുകൾ കൂട്ടിച്ചേർക്കുന്നതിനു മുമ്പ് നഗരത്തിലെ ജനസംഖ്യ 4.75 ലക്ഷമായിരുന്നു. ഈ പഞ്ചായത്തുകൾകൂടി ചേർത്തപ്പോൾ 7.5 ലക്ഷമായി ഉയർന്നു. ഇപ്പോൾ തിരുവനന്തപുരം നഗരത്തിന് ബി (1) പദവിയാണുള്ളത്. മെട്രോ നഗരമാക്കിയാൽ ഉണ്ടാകാവുന്ന നേട്ടങ്ങളെ സംബന്ധിച്ച് ഞാൻ പ്രത്യേകം പറയേണ്ട കാര്യമില്ല മെട്രോ നഗരമാക്കണമെങ്കിൽ ഇനിയും ചില പഞ്ചായത്തുകൾ കൂടി കൂട്ടിച്ചേർക്കേണ്ടതുണ്ട്. സിവിൽ സ്റ്റേഷൻ ആസ്ഥാനമാക്കാൻ തീരുമാനിച്ചിട്ടുള്ള കുടപ്പനക്കുന്ന്, സീപോർട്ട് ഉൾക്കൊള്ളുന്ന വിഴിഞ്ഞം, ആവശ്യമെങ്കിൽ ശ്രീകാര്യം, വിളപ്പിൽ പഞ്ചായത്തുകൾ കൂടി ഉൾപ്പെടുത്തി നഗരത്തിന്റെ ജനസംഖ്യ പത്ത് ലക്ഷമാക്കി ഉയർത്തണമെന്നാണ് എന്റെ അഭ്യർത്ഥന. എന്നാൽ സങ്കുചിതമായ കക്ഷി താല്പര്യങ്ങൾ മാത്രം മുന്നിൽവച്ചുകൊണ്ട് എൽ. ഡി. എഫ്. കൂട്ടിച്ചേർത്ത പഞ്ചായത്തുകൾപോലും നഗരത്തിൽനിന്ന് വേർപെടുത്താൻ ഗൂഢശ്രമങ്ങൾ നടക്കുന്നതായാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ ഫലമായി നഗരത്തിന്റെ പദവി ബി (2) ആയി താഴാനും സാദ്ധ്യതയുണ്ട്. അതുകൊണ്ട് പഞ്ചായത്തുകൾ വേർപെടുത്തുന്നതിന് എടുക്കാൻ പോകുന്ന തീരുമാനം പിൻവലിക്കണം. അതുപോലെ പഞ്ചായത്തുകൾ വേർപെടുത്തുന്നതിൽ ഇപ്പോൾ എത്തിയിട്ടുള്ള ചില നിഗമനങ്ങൾ ശരിയല്ല. അതിൽ പറയുന്നത് എൽ.ഡി.എഫ്.-നും സി.പി.ഐ. (എം)-നും മുതിപക്ഷം കിട്ടാൻവേണ്ടി മാത്രമാണ് പഞ്ചായത്തുകൾ കൂട്ടിച്ചേർത്തത് എന്നാണ്. നിലവിൽ 81 വാർഡുകളാണുള്ളത്. പഴയ നഗരത്തിൽ 56 വാർഡുകളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

56 വാർഡുകളിൽ 36 വാർഡുകളിലും എൽ.ഡി.എഫ്. ആണ് ജയിച്ചത്. പുതിയ പഞ്ചായത്തുകളുടെ വാർഡുകൾ കൂട്ടിച്ചേർത്തില്ല എങ്കിൽപ്പോലും സ്വാഭാവികമായും എൽ.ഡി.എഫ്.-ന് ഭരിക്കാൻ കഴിയുമായിരുന്നു. ആര് ഭരിക്കുന്നു എന്ന് നോക്കിയിട്ട് മാത്രം ഈ കാര്യങ്ങൾ ചെയ്യുന്നത് ശരിയല്ല. കാരണം ഭരണം മാറിയും മറിഞ്ഞും വരും. പക്ഷേ നഗരത്തിന്റെ സുസ്ഥിരതയ്ക്കും വികസനത്തിനും ആവശ്യമായ നടപടികളാണ് സ്വീകരിക്കേണ്ടത്. പഞ്ചായത്തുകൾ നഗരത്തോട് കൂട്ടിച്ചേർത്തതിന്റെ ഫലമായി പഞ്ചായത്തുകളുടെ വികസനം നഷ്ടപ്പെട്ടു എന്നതാണ് മറ്റൊരു ആർഗ്യുമെന്റ്. അതും ശാസ്ത്രീയമായി ശരിയല്ല. കാരണം പഞ്ചായത്തുകളെ സംബന്ധിച്ച് പറയുമ്പോൾ അതിന്റെ പശ്ചാത്തല വികസനത്തിന് പ്ലാൻ ഫണ്ടിന്റെ 30 ശതമാനമേ വിനിയോഗിക്കാൻ കഴിയുകയുള്ളൂ. എന്നാൽ നഗരത്തോട് കൂട്ടി ചേർക്കുമ്പോൾ അതിന്റെ 50 ശതമാനം പശ്ചാത്തല സൗകര്യം വികസിപ്പിക്കാൻ കഴിയും. ഏതെങ്കിലും ഒരു രാഷ്ട്രീയകക്ഷിക്ക് ഭരിക്കാൻ വേണ്ടിയാണ് കൂട്ടിച്ചേർത്തത് എന്നുപറയുന്ന ന്യായവും വികസനത്തിന്റെ ന്യായവും ശരിയല്ല. മെട്രോ നഗരമാക്കിയാൽ ഇപ്പോൾത്തന്നെ പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്റെ പരിധിയിൽ നമ്മുടെ നഗരത്തെപ്പെടുത്താൻ കഴിയും. മെട്രോ നഗരത്തിൽ സീപോർട്ട്, എയർപോർട്ട്, അർബൻ ഇൻഫ്രാസ്ട്രക്ചർ എന്നീ മേഖലകളിൽ വൻ വികസനത്തിന് സാദ്ധ്യത തെളിയും. ധാരാളം കുടിയേറ്റക്കാർ വരുന്ന ഒരു നഗരമാണ് തിരുവനന്തപുരം. തിരുവനന്തപുരത്തുള്ളവരേക്കാൾ തിരുവനന്തപുരത്തിന് പുറത്തുള്ളവരാണ് ഇവിടത്തെ നഗരവാസികൾ. നമ്മുടെ പഞ്ചായത്തുകൾ ഉപ നഗരങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഈ ഉപനഗരങ്ങളെക്കൂടി കൂട്ടിച്ചേർത്തുകൊണ്ട് അടിയന്തിരമായി ഇതിനെ മെട്രോ നഗരമാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത് കേവലം ഒരു എൽ.ഡി.എഫ്., യു.ഡി.എഫ്. പ്രശ്നമായോ രാഷ്ട്രീയ പ്രശ്നമായോ കാണരുത്. സംസ്ഥാനത്ത് വികസിപ്പിക്കാൻ കഴിയുന്ന ഏക നഗരമാണ് തിരുവനന്തപുരം. ശക്തനായ ധനകാര്യ വകുപ്പുമന്ത്രി തിരുവനന്തപുരം നഗരവികസനത്തിന് ഞാൻ ഉണ്ടെന്ന് പറഞ്ഞു. ഞാൻ അദ്ദേഹത്തോട് വീണ്ടും അഭ്യർത്ഥിക്കുകയാണ്. ആരും ശ്രദ്ധിക്കാറില്ലെന്ന് അദ്ദേഹം തന്നെ പറയുന്ന തിരുവനന്തപുരം നഗരത്തെ അദ്ദേഹം കൂടി മുൻകൈയെടുത്തുകൊണ്ട് മെട്രോ നഗരമാക്കി ഉയർത്താൻ ശ്രദ്ധിക്കണമെന്നും ശ്രമിക്കണമെന്നും വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, തിരുവനന്തപുരം നഗരത്തെ വികസിപ്പിക്കുന്നതിനുവേണ്ടി ഒരു തീരുമാനമെടുത്തു. ഉള്ളൂർ, ആറ്റിപ്ര, നേമം, കടകംപള്ളി, തിരുവല്ലം എന്നീ പഞ്ചായത്തുകളെക്കൂടി തിരുവനന്തപുരം കോർപ്പറേഷനിൽ കൂട്ടിച്ചേർക്കാൻ വേണ്ടി തീരുമാനമെടുത്തു. അപ്പോൾ ചില പരാതികളുണ്ടായിരുന്നു. ഗ്രാമങ്ങളെ ഇതിന്റെ ഭാഗമായി കൂട്ടിച്ചേർക്കപ്പെടുകയാണെങ്കിൽ ഗ്രാമങ്ങൾ ശ്രദ്ധിക്കാതെ പോകും എന്നുള്ള ഒരു പരാതി അന്നുതന്നെ നിലവിലുണ്ടായിരുന്നു. അതിനെ സംബന്ധിച്ചുള്ള നാല്-നാലര കൊല്ലത്തെ എക്സ്പീരിയൻസ് കണക്കിലെടുത്തപ്പോൾ ബോദ്ധ്യപ്പെട്ട കാര്യം എന്താണെന്നുവച്ചാൽ അവരുടെ വികസനത്തിന് വേണ്ടത്ര ഊന്നൽ കൊടുക്കുന്നില്ല എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഭൂമിശാസ്ത്രപരമായ ഘടനയും ഒരു പ്രശ്നമാണെന്ന് പറഞ്ഞു. അതുകൊണ്ട് ഗവണ്മെന്റ് ഇത് ആലോചിച്ചു. അന്തിമമായ തീരുമാനം എടുത്തിട്ടില്ല. ഉള്ളൂർ, കടകംപള്ളി എന്നിവ അർദ്ധ നഗരമാണെന്ന് ശ്രീ. പിരപ്പൻകോട് മുരളി ചൂണ്ടിക്കാണിച്ചു. ആ പഞ്ചായത്തുകൾ നിലനിർത്തി ആറ്റിപ്ര, നേമം, തിരുവല്ലം എന്നീ പഞ്ചായത്തുകളെ പഞ്ചായത്തുകളായിത്തന്നെ നിലനിറുത്തുക എന്നുള്ള ഒരു തീരുമാനമാണ് അതിന്റെ ഫലമായി എടുത്തത്. അതിന്റെ തത്വത്തിൽ എത്തിയിട്ടേയുള്ളൂ; അന്തിമ തീരുമാനം എടുത്തിട്ടില്ല. അതിൽ വിവിധ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. അത് കിട്ടിയ ശേഷമേ തീരുമാനമെടുക്കുകയുള്ളൂ. എന്തായാലും തിരുവനന്തപുരം കോർപ്പറേഷന്റെ വളർച്ച മുന്നിൽ കാണുന്നുണ്ട്. തീർച്ചയായും വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. മെട്രോ സിറ്റിയാക്കി ഉയർത്തുന്നതോടൊപ്പം പഞ്ചായത്തുകളുടെ താല്പര്യം മുന്നിൽ കാണേണ്ടതുണ്ട്. ശ്രീ. പിരപ്പൻകോട് മുരളിക്കും ഈ സഭയ്ക്കും ഒരു ആശങ്കയും വേണ്ട. തിരുവനന്തപുരം നഗരത്തിന്റെ വികസനം ഗവണ്മെന്റിന്റെ പരിഗണനയിലുള്ള പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഈ നഗരത്തിന്റെ പൗരാണിക പ്രൗഢി തിരിച്ചുകൊണ്ടുവരുന്ന കാര്യത്തിൽ ഗവണ്മെന്റ് പ്രതിജ്ഞാ ബദ്ധമാണ്. ശ്രീ. എ.കെ.ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് തലസ്ഥാന വികസന പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. അത് വളരെ നല്ല നിലയിൽ മുന്നോട്ട് പോവുകയാണ്. ആധുനിക നിർമ്മാണ വിദ്യ ഉപയോഗിച്ചുള്ള ഫ്ളൈ ഓവറുകൾ, അണ്ടർ പാസ്സുകൾ, റോഡുകൾ, വാട്ടർ സപ്ലൈ, നഗരത്തിലെ നദികളുടെ സൗന്ദര്യവൽക്കരണം ഇക്കാര്യങ്ങളെല്ലാം തന്നെ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. 30 കോടിയോളം രൂപ ഇതിനകം ചെലവഴിച്ചുകഴിഞ്ഞു. പുതിയ ബഡ്ജറ്റിൽ 50 കോടി രൂപ ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്കായിവച്ചിട്ടുണ്ട്. എ. ഡി. ബി. യുടെ സഹായത്തോടുകൂടി തലസ്ഥാന നഗരവികസനത്തിന് 129 കോടി രൂപയുടെ ഒരു പദ്ധതിയാണ് വരാൻ പോകുന്നത്. സിവറേജിനും സാനിട്ടേഷൻ ഇംപ്രൂവ്മെന്റിനും വേണ്ടി 706 ലക്ഷം രൂപയുണ്ട്. അർബൻ ഡ്രെയിനേജ് പദ്ധതിക്ക് 70 ലക്ഷം രൂപയും, റോഡ് ആന്റ് ട്രാൻസ്പോർട്ടിന് 271 ലക്ഷം രൂപയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് 227 ലക്ഷം രൂപയും, ഇൻസ്റ്റിറ്റ്യൂഷൻ ഡെവലപ്പ്മെന്റിന് 14 ലക്ഷം രൂപയും ഉണ്ട്. എ.ഡി.ബി. പദ്ധതി കൂടാതെ മറ്റൊരു പദ്ധതി കൂടിയുണ്ട്. അതായത് ലോക്കൽ ഗവണ്മെന്റ് ഡെവലപ്പ്മെന്റ് ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ബി.ഒ.ടി. അടിസ്ഥാനത്തിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിനുവേണ്ടി ധാരാളം പദ്ധതികൾ ഈ നഗരത്തിൽ കൊണ്ടുവരാൻ പോവുകയാണ്. തലസ്ഥാന നഗര വികസനത്തിന്റെ കാര്യത്തിൽ ഈ നാട് ഇതുവരെ കണ്ടിട്ടില്ലാത്ത ഏറ്റവും നല്ല വർക്കാണ് ഈ ഗവണ്മെന്റ് ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്നത്. ശ്രീ. മുരളി പറഞ്ഞതിന്റെ അന്തഃസത്ത പൂർണ്ണമായും ഗവണ്മെന്റ് ഉൾക്കൊള്ളുന്നുണ്ട്. 10 ലക്ഷം ആളുകളുള്ള എല്ലാറ്റിനും മെട്രോ നഗരത്തിന്റെ സ്റ്റാറ്റസ് കൊടുക്കണമെന്നില്ല. അതിന് ഗവണ്മെന്റ് ഓഫ് ഇൻഡ്യ പല നോംസും വയ്ക്കുന്നുണ്ട്. ജനസംഖ്യ നോക്കുകയാണെങ്കിൽ തിരുവനന്തപുരം കോർപ്പറേഷന്റേത് 7,44,000 ആണ്. ഈ മൂന്ന് പഞ്ചായത്തുകൾ പോയാൽ ബാക്കി 6,12,391 ഉണ്ടാകും. ബി (2) സ്റ്റാറ്റസിലാണ് ഇപ്പോൾ ഈ നഗരമുള്ളത്. 5 ലക്ഷം മുതൽ 10 ലക്ഷം ജനസംഖ്യയുള്ള നഗരങ്ങൾ ബി (2) സ്റ്റാറ്റസിലാണ്. പത്ത് ലക്ഷം ജനസംഖ്യ ഉണ്ടെങ്കിൽ മാത്രമേ മെട്രോ സിറ്റിയിലേക്ക് പോകുകയുള്ളൂ. അതിന് നമുക്ക് എന്തു ചെയ്യാൻ പറ്റും ? തിരുവനന്തപുരത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.മാർ ഇവിടെ ഉണ്ട്. ജനങ്ങളുടെ അഭിപ്രായം കൂടി കണക്കിലെടുക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം കോർപ്പറേഷന്റെ സമഗ്രമായ വികസനത്തിന് എന്ത് ത്യാഗം സഹിക്കാനും നമ്മൾ തയ്യാറാണ്. അതുകൊണ്ട് അന്തിമമായ തീരുമാനം എടുക്കുമ്പോൾ നമുക്ക് പരസ്പരം ആശയ വിനിമയം നടത്താം. അതിന്റെ അടിസ്ഥാനത്തിൽ എന്താണോ നല്ലത് ആ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

ശ്രീ. പിരപ്പൻകോട് മുരളി: മന്ത്രി പറഞ്ഞത് ഏറെ ആശ്വാസകരമാണ്. പക്ഷേ അടിസ്ഥാനപരമായ ചില വിഷയങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കുറഞ്ഞ ജനസംഖ്യ പത്ത് ലക്ഷമെങ്കിലും ഉണ്ടായിരിക്കണം എന്നുള്ളതാണ് മെട്രോ നഗരമാക്കാനുള്ള മിനിമം ക്വാളിഫിക്കേഷൻ. അങ്ങ് പറഞ്ഞല്ലോ ഗ്രാമവികസനം നഷ്ടപ്പെടുമോ എന്ന ആശങ്കയുണ്ടെന്ന്. അത് ശരിയല്ല. വസ്തുതകൾ പരിശോധിച്ചാൽ മനസ്സിലാകും. ഏറ്റവും അവസാനം പഞ്ചായത്തുകൾ ആയിരുന്ന സമയത്തുള്ള വികസന പ്രവർത്തനവും അതിനുശേഷം നഗരത്തോട് കൂട്ടിച്ചേർത്തപ്പോൾ കഴിഞ്ഞ അഞ്ച് വർഷം നടത്തിയ വികസന പ്രവർത്തനവും കൂട്ടിച്ചേർത്താൽ ഒന്നര ഇരട്ടി വ്യത്യാസമുണ്ട്. പിന്നെ അത് രാഷ്ട്രീയ പ്രശ്നമായി കാണരുതെന്ന് പറയാൻ കാരണം ഇത് ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ താത്പര്യമല്ല. കേരളത്തിൽ മെട്രോ നഗരമുണ്ടാക്കാൻ സാധിക്കുന്നത് തിരുവനന്തപുരത്ത് മാത്രമാണ്. കോവളം എന്നുപറയുന്നതാണ് വിഴിഞ്ഞം പഞ്ചായത്ത്. ഇത് നഗരത്തേക്കാൾ ഡെവലപ്പ് ചെയ്ത പ്രദേശമാണ്. വെറും ഗ്രാമം മാത്രമല്ല. സീപോർട്ട്, എയർപോർട്ട്, മറ്റ് ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയവയ്ക്ക് മെട്രോ നഗരത്തിന് കിട്ടുന്ന സഹായം മറ്റൊരിടത്തുനിന്നും കിട്ടുകയില്ല. രാഷ്ട്രീയമാക്കാതെ പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള തീരുമാനം അതേ സ്പിരിറ്റിൽ മാനിക്കാൻ തയ്യാറാണെന്ന് അങ്ങ് പറഞ്ഞതിൽ സന്തോഷമുണ്ട്. അങ്ങനെയാകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇത് രാഷ്ട്രീയ പ്രശ്നം എന്നുള്ള രീതിയിൽ കാണേണ്ട കാര്യമില്ല. അങ്ങനെ ഒരു തെറ്റിദ്ധാരണ വേണ്ട. ജനസംഖ്യ പത്ത് ലക്ഷത്തിനുമേൽ എക്സീഡ് ചെയ്താൽ ഉടൻ മെട്രോ സിറ്റിയാക്കുകയില്ല. അതുകൂടി കാണണം. ഡെൻസിറ്റി ഓഫ് പോപ്പുലേഷൻ അതിന്റെ ഒരു മാനദണ്ഡമാണ്. പക്ഷേ ഏറ്റവും നല്ലത് എന്താണെന്ന് നോക്കിയിട്ട് നമുക്ക് കൂട്ടായി ആലോചിച്ച് ഒരു തീരുമാനമെടുക്കുന്നതിന് വീണ്ടും ഒരു കൺസിഡറേഷൻ ആവാം.

(2) തോട്ടം തൊഴിലാളികളുടെ സേവന-വേതന കരാർ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ

ശ്രീ. പി. ജെ. ജോയി: ലക്ഷക്കണക്കിന് വരുന്ന തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നതിന്റെ കാലാവധി കഴിഞ്ഞിട്ട് മൂന്ന് വർഷം പിന്നിടുകയാണ്. 2002 മാർച്ച് 31 ന് കാലാവധി കഴിഞ്ഞതാണ്. മൂന്ന് വർഷത്തിലൊരിക്കൽ കൂലി പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഫലത്തിൽ അടുത്ത ഘട്ടം കൂലി പുതുക്കി നിശ്ചയിക്കേണ്ട സമയമായിട്ടും ഇതുവരെ അതിൻമേൽ തീർപ്പുണ്ടാക്കാൻ പ്ലാന്റേഷൻ ലേബർ കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. തേയില, കാപ്പി, കാർഡമം, റബ്ബർ എന്നീ ഇനങ്ങളിലെ കൂലിയാണ് പ്ലാന്റേഷൻ ലേബർ കമ്മിറ്റി കൂടി തീരുമാനമെടുക്കേണ്ടത്. തോട്ടം മേഖലയിലെ ഇനങ്ങൾക്കൊന്നും വിലയില്ലെന്ന് പറഞ്ഞ് കൂലിപുതുക്കി നിശ്ചയിക്കാത്ത സാഹചര്യമാണ് പലപ്പോഴുമുള്ളത്. കഴിഞ്ഞ കാലങ്ങളേക്കാളൊക്കെ മെച്ചപ്പെട്ട വിലനിലവാരം ഇന്ന് സാധനങ്ങൾക്കുണ്ട്. പ്രത്യേകിച്ച് റബ്ബറിന്. ആ

LIBRARY ARCHIVES Kerala Legislative Assembly